LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ ടൂറിസം മേഖലയിലുള്ള സഹകരണ സംഘങ്ങൾ

89 (2327) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ കാസർഗോഡ് ജില്ലയിൽ എത്ര സഹകരണ സംഘങ്ങളാണ് ഉള്ളതെന്ന് പറയാമോ ;

(ബി) പ്രസ്തുത സംഘങ്ങളുടെ പേര്, പ്രവർത്തന പരിധി, പ്രവർത്തന മേഖല തിരിച്ച വിശദാംശങ്ങൾ ഇവ ലഭ്യമാക്കാമോ ;

(സി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 7 സഹകരണ സംഘങ്ങൾ ഉണ്ട്.

(ബി)
1. മലനാട് ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 413
2. മലബാർ ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 373
3. ജില്ലാ ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം
4. കോട്ടഞ്ചേരി ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം
5. ബേക്കൽ ടൂറിസം സഹകരണ സംഘം
6. കാസർഗോഡ് ജില്ലാ ടൂറിസം ഡവലപ്മെന്റ് സഹകരണസംഘം
7. കാസർഗോഡ് ജില്ലാ ഹോട്ടൽ ആന്റ് ടൂറിസം സഹകരണ സംഘം

മുഴുവൻ സഹകരണ സംഘങ്ങളുടേയും പ്രവർത്തന പരിധി കാസർഗോഡ് ജില്ലയാണ്.

(സി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സംസ്ഥാന പദ്ധതി പ്രകാരം പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ 3 ഇരട്ടി പരമാവധി 2 ലക്ഷം രൂപ വരെ ഓഹരി മൂലധന സഹായം നൽകി വരുന്നുണ്ട്. കൂടാതെ സഹകരണ സംഘങ്ങൾക്ക് ടൂറിസം പ്രൊമോഷനുവേണ്ടി ഓഹരി, സബ്സിഡി എന്നിവ 1:2 അനുപാതത്തിൽ പ്രോജക്ടിന്റെ 50% വരെ പരമാവധി 20 ലക്ഷം രൂപ വരെയും ധനസഹായം നൽകിവരുന്നുണ്ട്. എൻ.സി.ഡി.സി. പദ്ധതി പ്രകാരം പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി, വായ്പ എന്നിങ്ങനെയും ധനസഹായം നൽകി വരുന്നുണ്ട്.